## ചട്ടം 288 പ്രകാരമുള്ള പ്രസ്താവന

## ശ്രീ. വി.എസ്. അച്ചുതാനന്ദൻ വിഴിഞ്ഞ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ പരാമർശം
(വ്യക്തിപരമായ വിശദീകരണം)

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വിഴിഞ്ഞം തുറമുഖം സംബന്ധിച്ച ഒരു സബ്മിഷൻ ഇന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇവിടെ പറഞ്ഞപ്പോൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും ഞാനും പ്രവർത്തിച്ചു എന്ന് പറയുകയുണ്ടായി. അത് സത്യവുമായി ഒരു ബന്ധവും ഉള്ളതല്ല. വിഴിഞ്ഞം കേരളത്തിൽ അല്ലായിരുന്നുവെങ്കിൽ 25 കൊല്ലം മുൻപ് യാഥാർത്ഥ്യമാകുമായിരുന്നു. കേന്ദ്രത്തിൽ നിന്ന് അനുമതി കിട്ടാനല്ല വലിയ താമസമുണ്ടായത്. മത്സ്യത്തൊഴിലാളികളുടെ പേരിൽ നാലു കേസ്സുകൾ സുപ്രീം കോടതിയിലും, ദേശീയ ഹരിത ട്രൈബ്യൂണലിലുമുണ്ട്. പക്ഷെ അവർക്കുവേണ്ടി ഹാജരാകുന്ന വക്കീലന്മാർ ദിവസം ലക്ഷങ്ങൾ ഫീസു വാങ്ങുന്നവരാണ്. വിഴിഞ്ഞത്തുള്ള മത്സ്യത്തൊഴിലാളികളുമായി, ഈ തുറമുഖവുമായി ബന്ധപ്പെട്ട് പലപ്രാവശ്യം ചർച്ച ചെയ്തു. അവർക്കാർക്കും അങ്ങനെയുള്ള പ്രശ്നമൊന്നുമില്ല. അവർക്ക് അവരുടെ ഭൂമിയെടുക്കുന്നതിന് ന്യായമായ വിലകിട്ടണം,

പുനരധിവാസത്തിന് നല്ല പാക്കേജ് ഉണ്ടാകണം. അതിന്റെ പിന്നിൽ മറ്റൊരു ശക്തമായ ലോബി തടസ്സപ്പെടുത്താവുന്ന വിധത്തിലെല്ലാം തടസ്സപ്പെടുത്തുന്നു. അതിനെയെല്ലാം അതിജീവിച്ചാണ് നമ്മൾ ഇവിടെ എത്തിയിരിക്കുന്നത്. ഇന്നലെ മന്ത്രി മറുപടി പറഞ്ഞതിലും ഇന്ന് സബ്മിഷനു മറുപടി പറഞ്ഞതിലും എനിക്ക് പരാതിയൊന്നുമില്ല. അദ്ദേഹം ആ ഫയലിന്റെ കാര്യങ്ങൾ പരിശോധിച്ചിട്ടാണ് ഇവിടെ പറഞ്ഞത്. ഇത് 1991-ൽ കെ. കരുണാകരൻ മുഖ്യമന്ത്രിയും എം. വി. രാഘവൻ തുറമുഖ വകുപ്പുമന്ത്രിയുമായിരിക്കുന്ന സമയത്ത് തുടങ്ങിയ നടപടികളാണ്. ഇതിന് ആഗ്രഹം തുടങ്ങിയിട്ട് അനേക വർഷങ്ങളായി. ഇതിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് അന്നാണ്. അതിനുശേഷം വന്നിട്ടുള്ള എല്ലാ ഗവൺമെന്റുകളും വിഴിഞ്ഞം യാഥാർത്ഥ്യമാക്കാൻ ശ്രമിച്ചു. ഞാൻ ആരേയും കുറ്റപ്പെടുത്താൻ ശ്രമിക്കുന്നില്ല, എല്ലാപേരും ശ്രമിച്ചു, പക്ഷേ നടന്നില്ല. 2014-ലെ ടെണ്ടറാണ് ഇപ്പോൾ ഉറപ്പിച്ചത്, അത് 4-ാമത്തെ ടെണ്ടറായിരുന്നു. മൂന്ന് ടെണ്ടറുകളും പരാജയപ്പെട്ടു. ആഗോള അടിസ്ഥാനത്തിൽ മൽസരമുള്ള നാലാമത്തെ ടെണ്ടർ 2014-ൽ വിളിച്ചപ്പോൾ അതിൽ അഞ്ച് കമ്പനികൾ വന്നു. ആ അഞ്ച് കമ്പനികളും ക്വാളിഫൈഡ് ആയി. അവർക്ക് രണ്ടു വിധത്തിൽ ടെണ്ടർ കൊടുക്കാം. ഒന്ന് ഗവൺമെന്റിലേയ്ക്ക് പ്രീമിയം തന്നുകൊണ്ടുള്ള ടെണ്ടർ, അല്ലെങ്കിൽ

ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ചോദിച്ചുകൊണ്ടുള്ള ടെണ്ടർ. അഞ്ചു കമ്പനികളും പ്രീമിയം തന്നുകൊണ്ടുള്ളതിന് ടെണ്ടർ തന്നില്ല. അദാനി ഗ്രൂപ്പ് മാത്രമാണ് ഗ്രാന്റ് ചോദിച്ചുകൊണ്ട് ടെണ്ടർ തന്നത്. ആ അവസരത്തിൽ എല്ലാ കാര്യങ്ങളും എംപവേർഡ് കമ്മിറ്റി പരിശോധിച്ചശേഷം തീരുമാനമെടുക്കുമ്പോൾ സുതാര്യമായി ചെയ്യുന്നതിന് എന്തെല്ലാം മാർഗ്ഗമുണ്ടോ അതെല്ലാം ചെയ്തു. ഒരിക്കലും ടെണ്ടർ കമ്മിറ്റിയുടെ മിനിട്ട്സ് പരസ്യപ്പെടുത്തിയിട്ടില്ല. എംപവേർഡ് കമ്മിറ്റി ടെണ്ടർ അംഗീകരിക്കാനിടയായ സാഹചര്യങ്ങളടക്കമുള്ള മിനിട്ട്സ് വെബ്സൈറ്റിലിട്ടു. രണ്ടാമത് ചെയ്തത്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് 2010-ൽ ഒരു ടെണ്ടറിന് അംഗീകാരം കൊടുത്തു, ആ ടെണ്ടറിന്റെ വ്യവസ്ഥകളും ഇന്നത്തെ ടെണ്ടറിന്റെ വ്യവസ്ഥകളും വെബ്സൈറ്റിലിട്ടു. ഇതു രണ്ടും പരിശോധിക്കാൻ എല്ലാവർക്കും അവസരം കൊടുത്തു. ടെണ്ടർ അദാനി ഗ്രൂപ്പിന് കൊടുക്കുന്നതിന്റെ മിനിട്സ് വെബ്സൈറ്റിലിട്ടത് ഇന്നും ഉണ്ട്. ആർക്കുവേണമെങ്കിലും പരിശോധിക്കാം. അദാനി ഗ്രൂപ്പിനെ വഴിവിട്ടു സഹായിച്ചു എന്നാണ് പരാതി. അദാനി ഗ്രൂപ്പിനെ വഴിവിട്ട് സഹായിക്കണമെങ്കിൽ ടെണ്ടറിനുശേഷം എഗ്രിമെന്റിൽ മാറ്റം വരുത്തേണ്ടേ? ടെണ്ടർ ഉറപ്പിക്കുന്നതിന് മുൻപ് എല്ലാ കമ്പനികൾക്കും കൊടുത്ത ടെണ്ടർ കണ്ടീഷൻസിന്റെ വ്യവസ്ഥയിൽ ഒരു വ്യത്യാസവും വരുത്താതെയാണ്

അവസാനം എഗ്രിമെന്റ് വച്ചിട്ടുള്ളത്, അവർക്ക് പുതുതായിട്ടുള്ള ഒരു ആനുകൂല്യവും കൊടുത്തിട്ടില്ല. എല്ലാ കാര്യങ്ങളും സുതാര്യമായി ചെയ്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി കേസ്സുകളെല്ലാം മറികടന്ന് വന്നതാണ്. ഇപ്പോൾ എ.ജി.യുടെ ഒരു റിപ്പോർട്ട് ഉണ്ട്, അത് ഡ്രാഫ്റ്റ് റിപ്പോർട്ടാണ്, ഓഡിറ്റ് പാരയല്ല, അതിന് ഗവൺമെന്റ് റെസ്പോൺഡ് ചെയ്തുകഴിഞ്ഞു എന്ന് മന്ത്രിതന്നെ ഇവിടെ പറഞ്ഞു. ഏതായാലും കഴിഞ്ഞ ഗവൺമെന്റിന് ഈ കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാം വെബ്സൈറ്റിലുണ്ട്. അദ്ദേഹം എൻക്വയറി നടത്തണമെന്ന് ഇവിടെ പറഞ്ഞു, അതിനും ഞങ്ങൾക്ക് ഒരു എതിർപ്പുമില്ല, വേണമെങ്കിൽ അതും നടക്കണം, അത് ഇന്നത്തെ ഗവൺമെന്റ് തീരുമാനിക്കട്ടെ. എല്ലാം സുതാര്യമായി ചെയ്ത്, കേരളത്തിൽ ഒന്നും നടക്കില്ല എന്ന ധാരണ മാറ്റിക്കുറിച്ചുകൊണ്ട് 1000 ദിവസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കാനുള്ള ശ്രമമായിരുന്നു യു.ഡി.എഫ്. ചെയ്തത്, അത് തുടരണമെങ്കിൽ ഗവൺമെന്റിന് തുടരാം, അതല്ല ഇതിനകത്ത് പിശകുണ്ടെങ്കിൽ അത് തിരുത്തുന്നതിന് പല ഓപ്ഷൻസുമുണ്ട്, അത് നിങ്ങൾക്കെടുക്കാം. ഇക്കാര്യത്തിൽ അന്വേഷണം വേണമെങ്കിൽ അതാകാം, അതിന് ഞങ്ങൾ എതിരല്ല എന്നകാര്യം വ്യക്തമാക്കാനാഗ്രഹിക്കുന്നു.